# നടേശ പൂർണിമ അഥവാ ഈഴവ രാഷ്ട്രീയ പൂർണത

കെ. രാജേശ്വരി



# നടേശ പൂർണിമ അഥവാ ഈഴവ രാഷ്ട്രീയ പൂർണത

കെ. രാജേശ്വരി
(മലയാളം: ലേഖനം)

© 2026, Adv. A. Jayasankar

The electronic versions have been created by making use of the production infrastructure of River Valley Technologies.

The electronic versions were generated from sources marked up in LaTeX in a computer running GNU/LINUX operating system. PDF was typeset using XeTeX from TeXLive 2020 and the cloud framework, Ithal (ഇതൾ). The base font used was traditional script of Rachana, contributed by KH Hussain, et al. and maintained by Rachana Institute of Typography. The font used for Latin script was Linux Libertine developed by Philipp H. Poll.

The electronic versions are released under the provisions of Creative Commons Attribution Non-commercial ShareAlike license for free download and usage.

Cover: Flower Sellers of London, a painting by Gustave Doré (1832–1883). The image is taken from Wikimedia Commons and is gratefully acknowledged.

**Sayahna Foundation**
JWRA 34, Jagathy, Trivandrum, India 695014
URL: www.sayahna.org

# നടേശ പൂർണിമ അഥവാ ഈഴവ രാഷ്ട്രീയ പൂർണത


വെള്ളാപ്പള്ളി നടേശൻ

എസ്. എൻ. ഡി. പി. യോഗം മുൻകൈയെടുത്ത് സ്ഥാപിക്കുന്ന കേരള ജനകീയ മുന്നണി എന്ന പുത്തൻ ജാതീയപാർട്ടി സെപ്റ്റംബർ 10-ന് നിലവിൽ വരുകയാണ്. ഒരു ജാതി ഒരു മതം എന്ന രുൾചെയ്ത ഗുരുവിന്റെ ജന്മദിനം തന്നെ പാർട്ടി രൂപവത്കരിക്കാൻ തെരഞ്ഞെടുത്ത നേതാക്കളുടെ ഔചിത്യബോധം അഭിനന്ദനാർഹമാണ്.


വി. എം. സുധീരൻ

വീരശ്രീ വെള്ളാപ്പള്ളി നടേശനാകുന്നു കേ. ജെ. മുന്നണിയുടെ പരമോന്നത നേതാവ്. ശ്രീനാരായണ ധർമപരിപാലകരിൽ അഗ്രേസരനാണ് നടേശൻ മുതലാളി ഇടത്-വലതു മുന്നണികൾക്ക് പേടിസ്വപ്നം, ബി. ജെ. പി.-ക്ക് ആശാകിരണം. ഒന്നല്ല പത്ത് പാർട്ടികൾ കെട്ടിപ്പടുക്കാൻ വേണ്ട തന്റേടം താൻപോരിമ, ബന്ധുബലം ധനസ്ഥിതി.


അച്യുതാനന്ദൻ

കമ്മ്യൂണിസ്റ്റ് കക്ഷികളുടെ പിന്തുണയോടെയാണ് നടേശൻ യോഗനേതൃത്വത്തിലെത്തിയത്. കോൺഗ്രസുകാരായ രാഹുലൻ ഡോക്ടറെയും ഗോപിനാഥൻ വക്കീലിനെയും ഒതുക്കാൻ ഭസ്മാസുരന് വരം കൊടുത്തത് സഖാവ് അച്യുതാനന്ദൻ. വി. എം. സുധീരനായിരുന്നു മുതലാളിയുടെ മുഖ്യശത്രു. 1998 ഫെബ്രുവരിയിലെ തെരഞ്ഞെടുപ്പിൽ സുധീരനെ തോൽപിക്കാൻ പഠിച്ച പണി പതിനെട്ടു പയറ്റിയെങ്കിലും ഫലമുണ്ടായില്ല. വിവരദോഷികളായ ആലപ്പുഴക്കാർ മുതലാളിയുടെ വാക്കിന് പുല്ലുവിലയാണ് കൽപിച്ചത്.


പി. കെ. ഗുരുദാസൻ

സുധീരനോടുള്ള വൈരാഗ്യത്തിന് കുറവുണ്ടായില്ലെങ്കിലും നടേശൻ ക്രമേണ കമ്മ്യൂണിസ്റ്റുകാരിൽനിന്ന് അകന്നു. ഹയർ സെക്കൻഡറി കോഴ്സ് അനുവദിക്കുന്നതിൽ മന്ത്രി പി. ജെ. ജോസഫ് പ്രകടിപ്പിച്ച സ്വജാതിസ്നേഹം വെള്ളാപ്പള്ളിയെ ക്രുദ്ധനാക്കി. കൊല്ലം എസ്. എൻ. കോളേജിൽ എസ്. എഫ്. ഐ. നടത്തിയ സമരവും ഗുരുദേവ പ്രതിമകൾക്ക് നേരെ നടന്ന അക്രമവും സാമുദായിക വികാരം ആളിക്കത്തിച്ചു. സഹകരണസംഘങ്ങൾ വഴി കള്ളുകച്ചവടം ദേശസാത്കരിച്ചപ്പോൾ ബാന്ധവം എന്നേക്കുമായി അവസാനിച്ചു.


പി. ജെ. ജോസഫ്

2001-ലെ തെരഞ്ഞെടുപ്പിൽ നടേശന്റെ മൂന്ന് നോമിനികളെങ്കിലും നിയമസഭയിലെത്തി—ഉമേഷ് ചള്ളിയിൽ, ഡി. സുഗതൻ, എ. എൻ. രാജൻ ബാബു. മറുഭാഗത്ത് വിദ്യാഭ്യാസമന്ത്രി പി. ജെ. ജോസഫ് അമ്പേ പരാജിതനായി. എസ്. എൻ. കോളജ് സമരത്തിന്റെ മുഖ്യശിൽപികളായ മേഴ്സിക്കുട്ടിയമ്മ കുണ്ടറയിലും പി. കെ. ഗുരുദാസൻ വർക്കലയിലും കയ്പുനീർ നുകർന്നു.


മേഴ്സിക്കുട്ടിയമ്മ

തെരഞ്ഞെടുപ്പിനുശേഷം നടേശപ്രാഭവം ഉത്തരോത്തരം പ്രകടമായി. സഹകരണസംഘങ്ങൾ പിരിച്ചുവിടുകയും കള്ളുകച്ചവടം കരാറുകാർക്ക് തിരിച്ചുകിട്ടുകയും ചെയ്തതോടെ മുതലാളി ഐക്യമുന്നണിയിൽനിന്നും മുതലാളി മനോഹർ ജോഷി മുതലായ വൻ പുള്ളികളുമായി ചങ്ങാത്തം കൂടി. സംഘടിതമതങ്ങളുടെ ചൂഷണത്തെപ്പറ്റിയും വിശാല ഹിന്ദു ഐക്യത്തിന്റെ ആവശ്യകതയെക്കുറിച്ചും വാചാലനായി.


മനോഹർ ജോഷി

പുരോഗതിയിലേക്കുള്ള മഹത്തായ കാൽവെപ്പാണ് കേരള ജനകീയ മുന്നണിയുടെ രൂപവത്കരണം. വിദ്യാസാഗർ-നടേശൻ-ശ്രീകുമാർ ത്രിമൂർത്തികളാണ്. പാർട്ടിയുടെ ബ്രഹ്മാവിഷ്ണുമഹേശ്വരൻമാർ. കൊല്ലത്തെ എസ്. എൻ. ഡി. പി. ആസ്ഥാനമാണ് പാർട്ടിയുടെ കേന്ദ്ര ഓഫീസ്. ചുവപ്പും മഞ്ഞയും കറുപ്പും ചേർന്ന മൂവർണക്കൊടിയാണ് കേരള ജനകീയ മുന്നണിക്ക്. സാമൂഹികനീതിയെ ദ്യോതിപ്പിക്കുന്ന ത്രാസ് ആയിരിക്കും തെരഞ്ഞെടുപ്പു ചിഹ്നം.


എം. കെ. രാഘവൻ

1903-ലാണ് എസ്. എൻ. ഡി. പി. യോഗത്തിന്റെ ആവിർഭാവം. രാഷ്ട്രീയത്തിനു യോഗം ഒരുകാലത്തും അയിത്തം കൽപിച്ചിരുന്നില്ല. 1913 ആകുമ്പോഴേക്കും യോഗത്തെ പ്രതിനിധാനം ചെയ്ത് കുമാരനാശാൻ പ്രജാസഭയിൽ അംഗമായി. ടി. കെ. മാധവനിൽനിന്നാരംഭിക്കുന്നു. യോഗത്തിന്റെ കോൺഗ്രസ് ബന്ധം മാധവന്റെ ഉൽസാഹത്തിലും കോൺഗ്രസിന്റെ പങ്കാളിത്തത്തിലും നടന്ന വൈക്കം സത്യഗ്രഹം യോഗത്തെ പൊരുതുന്ന സംഘടനയാക്കി. നിവർത്തന പ്രക്ഷോഭത്തിലും സ്റ്റേറ്റ് കോൺഗ്രസ് രൂപവത്കരണത്തിലും മുന്നിട്ടുനിന്നത് എസ്. എൻ. ഡി. പി. യോഗമായിരുന്നു. ദിവാൻ സ്വാമി നൽകിയ 'ഉറപ്പ്'കളെ തുടർന്ന് യോഗം പ്രക്ഷോഭത്തിൽ നിന്ന് പിന്മാറുകയും ശിഷ്ടകാലം സ്വതന്ത്ര തിരുവിതാംകൂറിനും അമേരിക്കൻ മോഡൽ ഭരണഘടനക്കും സ്തുതിപാടുകയും ചെയ്തു.


പി. എസ്. ശ്രീനിവാസൻ

സ്വാതന്ത്ര്യ പ്രാപ്തിക്കുശേഷം എസ്. എൻ. ഡി. പി. യോഗം കോൺഗ്രസിലേക്കു മടങ്ങിയെത്തി. പാർട്ടിയിലെ ക്രൈസ്തവ മേധാവിത്വത്തിൽ മനം നൊന്ത് ശങ്കർ മന്നത്ത് പത്മാനാഭനുമായി കൈകോർത്ത് ഹിന്ദു മഹാമണ്ഡലവും ഡെമൊക്രാറ്റിക് കോൺഗ്രസിനെ ആറടിമണ്ണിൽ കുഴിച്ചുമൂടുമെന്ന് നേതാക്കൾ നാടൊട്ടുക്ക് പ്രസംഗിച്ചുനടന്നു. തെരഞ്ഞെടുപ്പടുത്തപ്പോൾ ശങ്കർ അടക്കമുള്ളവർ മാതൃസംഘടനയിലേക്ക് തിരിച്ചുപോയി. നേതാക്കളുടെ വഞ്ചനയിൽ മനം നൊന്ത അണികൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും ചേക്കേറി. 1952-ലെയും 54-ലെയും തെരഞ്ഞെടുപ്പുകളിൽ ശങ്കർ പരാജയമടഞ്ഞു.


ആർ. സുഗതൻ

1954 ആകുമ്പോഴും ശങ്കറും പത്രാധിപർ സുകുമാരനും തമ്മിൽ തെറ്റിപ്പിരിഞ്ഞു. ആദിയിൽ ദിവാൻ ഭരണത്തിനും പിന്നീട് കോൺഗ്രസിനും ജയജയപാടിയ കേരള കൗമുദി ഇടതുപക്ഷജിഹ്വയായി. കൗമുദി യോട് മൽസരിച്ച് ശങ്കർ ദിനമണി എന്ന പത്രം പുറത്തിറക്കി.


കെ. ആർ. ഗൗരി

വിമോചനസമരകാലത്ത് എസ്. എൻ. ഡി. പി. യോഗം നിഷ്പക്ഷത പാലിച്ചു. പത്രാധിപരും കേരള കൗമുദിയും കമ്മ്യൂണിസ്റ്റുകാരെ പിന്തുണച്ചപ്പോൾ കെ. പി. സി. സി. പ്രസിഡന്റ് ശങ്കറും യോഗം ജനറൽ സെക്രട്ടറി കെ. ആർ. നാരായണനും ആവേശപൂർവ്വം സമരത്തിൽ പങ്കെടുത്തു. ഈഴവസമുദായം കമ്മ്യൂണിസ്റ്റുകാർക്കൊപ്പമാണെന്ന പ്രതീതിയാണ് തെരഞ്ഞെടുപ്പഫലം നൽകിയത്. തിരു-കൊച്ചി ഭാഗത്ത് വിജയിച്ച കമ്മ്യൂണിസ്റ്റുകാരേറെയും ഈഴവരായിരുന്നു—ടി. കെ. രാമകൃഷ്ണൻ, കെ. ആർ. ഗൗരി, എസ്. കുമാരൻ, ആർ. സുഗതൻ, പി. എസ്. ശ്രീനിവാസൻ, പി. രവീന്ദ്രൻ, വെളിയം ഭാർഗവൻ... മറുഭാഗത്ത് കെ. ആർ. നാരായണൻ പരാജിതനായി. ആർ. ശങ്കർ 'വിദൂരസ്ഥമായ കണ്ണൂരിൽ മൽസരിച്ചു ജയിച്ചു.' 60-കളിലും യോഗ നേതൃത്വം കോൺഗ്രസിനൊപ്പവും സമുദായാംഗങ്ങൾ കമ്മ്യൂണിസ്റ്റ് പാർട്ടിയിലും നിലകൊണ്ടു. 1965-ൽ നിയമസഭയിലേക്കും 1967-ൽ പാർലമെന്റിലേക്കും മൽസരിച്ചു. ശങ്കർ രണ്ടുതവണയും ഈഴവർക്ക് ഭൂരിപക്ഷമുള്ള മണ്ഡലത്തിൽ പരാജിതനായി.


പി. രവീന്ദ്രൻ

റിട്ടയേർഡ് ജില്ലാ ജഡ്ജി എൻ. ശ്രീനിവാസൻ യോഗം പ്രസിഡന്റും പ്രൊഫ. പി. എസ്. വേലായുധൻ ജനറൽ സെക്രട്ടറിയുമായിരുന്ന കാലത്താണ് പിന്നാക്ക സമുദായ സംരക്ഷണാർഥം സോഷ്യലിസ്റ്റ് റിപ്പബ്ലിക്കൻ പാർട്ടിയുണ്ടായത്. "പിന്നാക്ക സമുദായങ്ങൾ ശക്തിരാഷ്ട്രീയത്തിൽനിന്ന് പുറംതള്ളപ്പെട്ടുപോയതിനാൽ അവർ അവശതയുടെയും അവഗണനയുടെയും അപമാനഭാരം പേറിനടക്കേണ്ട സ്ഥിതിയാണിന്ന് വന്നു ചേർന്നിട്ടുള്ളത്. ഈ ഘട്ടത്തിൽ അവർ രാഷ്ട്രീയമായി സംഘടിച്ചില്ലെങ്കിൽ അവരുടെ ന്യായമായ അവകാശങ്ങൾ അപകടത്തിലാകുന്ന അവസ്ഥാവിശേഷമാണ് ചരിത്രപണ്ഡിതനായ പ്രൊഫ. വേലായുധൻ മുന്നറിയിപ്പ് നൽകി.


ആർ. ശങ്കർ

1977-ൽ ഒറ്റക്ക് മൽസരിച്ച എസ്. ആർ. പി. എല്ലായിടത്തും ജാമ്യസംഖ്യനഷ്ടപ്പെടുത്തി. 1980-ൽ ഐക്യജനാധിപത്യമുന്നണിയിൽ അംഗമായെങ്കിലും ഒരാളെയും വിജയിപ്പിക്കാൻ കഴിഞ്ഞില്ല. 1982-ൽ രണ്ടുപേർ—കോട്ടയത്ത് എൻ. ശ്രീനിവാസൻ, കരുനാഗപ്പള്ളിയിൽ ടി. വി. വിജയരാജൻ—വിജയിച്ചു. ശ്രീനിവാസൻ എക്സൈസ് വകുപ്പിന്റെ ചുമതലയോടെ മന്ത്രിയുമായി. ആ വർഷമാണ് ചതയദിനത്തിൽ വൈപ്പിൻ വിഷമദ്യദുരന്തമുണ്ടായത്, മരിച്ചവരിലേറെയും ശ്രീനാരായണീയർ പ്രതികളും തഥൈവ, മദ്യം വിഷമാണ് എന്ന ഗുരുവചനം അന്വർഥമായി.


വെളിയം ഭാർഗവൻ

അധികാര വടംവലിയെ തുടർന്ന് എസ്. ആർ. പി. പിളർന്നു. അഴിമതിയാരോപണ വിധേയനായ ശ്രീനിവാസനു കാലാവധി പൂർത്തിയാക്കാനും കഴിഞ്ഞില്ല. 1987 ആകുമ്പോഴേക്കും പാർട്ടി തകർന്നടിഞ്ഞു. യോഗനേതൃത്വത്തിൽ വീണ്ടും കോൺഗ്രസുകാർ വന്നു. 1987-ലെ തെരഞ്ഞെടുപ്പിൽ കെ. ഗോപിനാഥൻ കായംകുളത്തും എം. കെ. രാഘവൻ പള്ളിരുത്തിയിലും കൈപ്പത്തി അടയാളത്തിൽ മൽസരിച്ചു. രണ്ടാളും ഡീസന്ററായി തോൽക്കുകയും ചെയ്തു. 1996-ൽ മോഹൻ ശങ്കർ കോട്ടയത്തും കെ. കെ. രാഹുലൻ നാട്ടികയിലും മൽസരിച്ചപ്പോഴും ചരിത്രം ആവർത്തിച്ചു.


എസ്. കുമാരൻ

കേരള ജനകീയ മുന്നണിക്ക് എസ്. ആർ. പി.-യുടെ ഗതിവരില്ലെന്നു വെള്ളാപ്പള്ളി നടേശൻ ആണയിട്ട് പറയുന്നു. തലയ്ക്കൽ വളംവെച്ച് തുലഞ്ഞ പാർട്ടിയാണു. ആർ. എസ്. പി. കേരള ജനകീയവേദിക്ക് കടയ്ക്കലാണ് വള പ്രയോഗം അതുകൊണ്ട് പാർട്ടി വളരുക തന്നെ ചെയ്യും—ധർമ്മപരിപാലകൻ ആത്മവിശ്വാസം പ്രകടിപ്പിക്കുന്നു.


ലാലുപ്രസാദ്

മുലായംസിംഗിനെപ്പോലെ ലാലുപ്രസാദിനെപ്പോലെ മഹാനേതാവാവും നടേശനെന്ന് പ്രത്യാശിക്കും. തലയ്ക്കു വളം ചെയ്യാനും തലയ്ക്കു തളംവെക്കാനും മുതലാളിയല്ലാതെ മറ്റാരുണ്ട് ഞങ്ങൾ ശ്രീനാരായണീയർക്ക്!

□

# അഡ്വക്കറ്റ് എ. ജയശങ്കർ



അഭിഭാഷകനും രാഷ്ട്രീയ നിരീക്ഷകനും രാഷ്ട്രീയ നിരൂപകനുമാണ് അഡ്വക്കറ്റ് എ. ജയശങ്കർ. മാധ്യമം ദിനപത്രത്തിൽ 'കെ. രാജേശ്വരി' എന്ന തൂലികാ നാമത്തിൽ എഴുതിയ ലേഖനങ്ങൾ ശ്രദ്ധിക്കപ്പെട്ടിരുന്നു. മലയാളികൾക്കിടയിൽ അദ്ദേഹം കൂടുതൽ പ്രശസ്തി നേടിയത് ഇന്ത്യാവിഷൻ ചാനലിലെ പ്രതിവാര ദിനപത്ര അവലോകന പരിപാടിയായ വാരാന്ത്യം എന്ന പരിപാടിയിലൂടെയാണ്. തനതായ ഒരു അവതരണ ശൈലിയാണ് ഈ പരിപാടിയിൽ അദ്ദേഹം പ്രകടമാക്കുന്നത്. മലയാളത്തിലെ പ്രമുഖ വാർത്താ ചാനലുകളിലെല്ലാം രാഷ്ട്രീയ ചർച്ചകളിൽ സ്ഥിരം സാന്നിധ്യമാണ് ഇദ്ദേഹം. കേരള രാഷ്ട്രീയത്തിലെയും ഇന്ത്യൻ രാഷ്ട്രീയത്തിലെയും ജയശങ്കറിന്റെ അഗാധമായ അറിവിനൊപ്പം ഹാസ്യവും ഗൗരവവും കലർന്ന അദ്ദേഹത്തിന്റെ നിർഭയത്വതോടെയുള്ള അവതരണ രീതിയും ഏറെ ജനപ്രിയമാണ്.

# പിൻകുറിപ്പ്

- മുപ്പതു മുതൽ നാല്പതു മിനിട്ടിനകം വായിച്ചു തീർക്കാവുന്ന ഉള്ളടക്കമാണ് സായാഹ്ന പുറത്തിറക്കുന്ന ഈ ഫോൺ പിഡിഎഫുകളിൽ ഉള്ളത്. ഇതു വായിക്കുവാനായി ഒരിക്കലും ഒരു കമ്പ്യൂട്ടറോ ഡെസ്ക്ടോപ് ആപ്ലിക്കേഷനുകളൊ ആവശ്യമില്ല.
- ആധുനിക മനുഷ്യന്റെ സന്തതസഹചാരിയായ സ്മാർട്ട് ഫോണുകളുടെ സ്ക്രീനിൽ തന്നെ വായിക്കുവാൻ തക്ക രീതിയിലാണ ഈ പിഡിഎഫുകൾ വിന്യസിച്ചിരിക്കുന്നത്. ഫോണിന്റെ വീതിക്കു നിജപ്പെടുത്തിയ രീതിയിലാണ് മാർജിനുകൾ ചിട്ടപ്പെടുത്തിയിരിക്കുന്നത്.
- പിഡിഎഫ് പ്രമാണങ്ങൾ വായിക്കുവാനുള്ള പ്രയോഗങ്ങൾ എല്ലാതരം സ്മാർട്ട്ഫോണുകളിലും ഇന്നു ലഭ്യമാണ്. എന്നിരിക്കിലും സൗജന്യമായി കിട്ടുന്ന അഡോബി അക്രോബാറ്റ് റീഡർ ആണ് ഇവയിൽ ഏറ്റവും മുന്തിയത്. അതുകൊണ്ട് അഡോബി റീഡർ ഇൻസ്റ്റാൾ ചെയ്യുകയും അതിൽ ഈ ഫോൺ പിഡിഎഫുകൾ വായിക്കുകയും ചെയ്യുക.
- സ്വതന്ത്രപ്രസാധനം ആഗ്രഹിക്കുന്ന/ഇഷ്ടപ്പെടുന്ന ആർക്കുവേണമെങ്കിലും സായാഹ്നയിലൂടെ സ്വന്തം കൃതികൾ പ്രസാധനം ചെയ്യാവുന്നതാണ്. 30 മുതൽ 60 മിനിട്ടുകൾക്കകം വായിച്ചുതീർക്കാവുന്ന ഉള്ളടക്കം – കഥകൾ, അനുഭവക്കുറിപ്പുകൾ, ലേഖനങ്ങൾ, അഭിമുഖങ്ങൾ, സിനിമാനിരൂപണങ്ങൾ, കവിതകൾ – എന്നു തുടങ്ങി എന്തുവേണമെങ്കിലും അയയ്ക്കാവുന്നതാണ്. അയയ്ക്കേണ്ട വിലാസം: <editors@sayahna.org>.
- പ്രതികരണങ്ങൾ <editors@sayahna.org> എന്ന ഇമെയിലിലേയ്ക്കോ, ഈ വെബ് പേജിൽ കമ്മന്റുകളായോ ചേർക്കുക. നിർദ്ദേശങ്ങളും വിമർശനങ്ങളും എപ്പോഴും സ്വീകാര്യമാണ്. അവ സായാഹ്നപ്രവർത്തകർക്ക് കൂടുതൽ ഉത്തേജനം നൽകുന്നതാണ്.

സായാഹ്ന ഫൗണ്ടേഷൻ, റിവർ വാലി ക്യാംപസ്, മലയിൻകീഴ്, തിരുവനന്തപുരം, ഇന്ത്യ 695571
URL: <books.sayahna.org>